# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.3205 10.12.2018 -ൽ മറുപടിയ്ക്ക്**

## ഹൈടെക് ലാബുകളുടെ സ്ഥാപനം

**ചോദ്യം** ഉത്തരം

**ശ്രീ.മോൻസ് ജോസഫ്** പ്രൊഫ : സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) വിദ്യാഭ്യാസം പൂർണ്ണമായും ഡിജിറ്റലാകുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുന്നതിന്റെ ഭാഗമായി ഏതൊക്കെ ക്ലാസ്സുകളിലാണ് ഹൈടെക് ലാബുകൾ സ്ഥാപിക്കുന്നത്; ആയത് ഏത് ഏജൻസി വഴിയാണ്; ഇവ എത്ര മാസത്തിനകം പൂർത്തിയാകും; വിവരിക്കാമോ; | എ) സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകൾ ഹൈടെക്കായി കഴിഞ്ഞു. 1 മുതൽ 7 വരെ ക്ലാസുകളിൽ ഹൈടെക് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനയിലാണ്. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. ഹൈടെക് ലാബുകൾ 2019 മെയ് 31-ഓടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) ഈ പദ്ധതിക്കുവേണ്ടി കമ്പ്യൂട്ടറുകൾ പർച്ചേസ് ചെയ്യുന്നത് ഏത് ഏജൻസി വഴിയാണ്; ഇവ ഓപ്പൺ ടെണ്ടർ വഴിയാണോ വാങ്ങുന്നത്; പർച്ചേസിൽ ജെം നിബന്ധന പാലിച്ചിട്ടുണ്ടോ; | ബി) പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന സർക്കാർ കമ്പനിക്കാണ് ഈ പ്രോജക്റ്റിന്റെ നിർവഹണ ചുമതല. കേരള സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടലിലൂടെ ഓപ്പൺ ടെണ്ടർ വഴിയാണ് ഐ.ടി ഉപകരണങ്ങൾ വാങ്ങുന്നത്. കേരള സർക്കാരിന്റെ സ്റ്റോർസ് പർച്ചേസ് നിബന്ധനകളാണ് നിലവിൽ പാലിച്ചു വരുന്നത്. ഈ പ്രക്രിയയിൽ ജെമ്മിന് പ്രത്യേക നിബന്ധനകൾ ഇല്ല. |
| സി) ഈ പദ്ധതിക്ക് കമ്പ്യൂട്ടറുകളുടെ ഇൻസ്റ്റലേഷൻ ചുമതല അതത് കമ്പനികൾ തന്നെയാണോ നടപ്പാക്കുന്നത്; ഇവയുടെ ഗുണനിലവാരംപരിശോധിക്കാൻ അവസരമുണ്ടോ; കമ്പ്യൂട്ടറുകളുടെ ഓപ്പറേഷൻ മെയിന്റനൻസ് ആർക്കാണ്; പ്രസ്തുത സാധനങ്ങൾക്ക് ഗ്യാരന്റിയും വാറന്റിയും നിലവിലുണ്ടോ;ആയതിനുവേണ്ടി ആരെയാണ് സമീപിക്കേണ്ടത്; എത്ര വർഷത്തേക്കാണ് മെയിന്റനൻസ് ചുമതല നൽകിയിരിക്കുന്നത്? | സി) അതെ, ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. കമ്പ്യൂട്ടറുകളുടെ ഓപ്പറേഷൻ ചുമതല സ്കൂളുകളുടെയും മെയിന്റനൻസ് ചുമതല സപ്ലൈ ചെയ്യുന്ന കമ്പനിയ്ക്കുമാണ്. ഗുണനിലവാര പരിശോധന ഉൾപ്പെടെയുള്ള സാങ്കേതിക കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ഒരു സാങ്കേതിക സമിതിയെ നിയമിച്ചിട്ടുണ്ട്. 5 വർഷത്തെ വാറണ്ടിയോടെയാണ് കമ്പ്യൂട്ടറുകൾ വാങ്ങുന്നത്. കൈറ്റ് സജ്ജമാക്കിയ സർവീസ് പോർട്ടൽ വഴിയാണ് കമ്പ്യൂട്ടറുകളുടെ പ്രശ്നപരിഹാരം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ